(സി) 1999-2000 ലെ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 14.18 കോടി രൂപ. 2000-2001 ലെ കണക്കുകൾ പൂർത്തിയാക്കിയിട്ടില്ല.

(ഡി) 1995-96 ധനകാര്യ വർഷത്തിൽ 26.08 കോടി രൂപ.

ട്രഷറി നിയന്ത്രണമില്ലാത്ത ദിവസങ്ങൾ

49 (445) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 നവംബർ, ഡിസംബർ, 2001 ജനുവരി എന്നീ മാസങ്ങളിൽ ട്രഷറി നിയന്ത്രണമില്ലാത്ത എത്ര ദിവസങ്ങളുണ്ടായിരുന്നു ;

(ബി) ഈ കാലയളവിൽ എത്ര പെൻഷൻകാർക്ക് ലഭിക്കേണ്ടിയിരുന്ന ആനുകൂല്യങ്ങൾ കൊടുക്കാതിരുന്നിട്ടുണ്ട് ;

(സി) ഈ ആനുകൂല്യങ്ങൾ എന്ത് തുകയ്ക്ക് വരുമെന്ന് പറയാമോ ;

(ഡി) ഈ കാലയളവിൽ മറ്റെന്തെല്ലാം ട്രഷറി ഇടപാടുകൾ നിർത്തി വച്ചു ;

(ഇ) പെൻഷൻകാർക്ക് ലഭിക്കേണ്ടിയിരുന്നതും ഇക്കാലത്ത് കൊടുക്കാതിരുന്നതുമായ ആനുകൂല്യങ്ങൾ എന്ന് കൊടുത്ത് തീർക്കും എന്ന് പറയുമോ ?

ഉത്തരം

(എ) 1990 മുതൽ ഏർപ്പെടുത്തിയ ട്രഷറി ഇടപാടുകളിലെ നിയന്ത്രണങ്ങൾ ഇപ്പോഴും തുടർന്ന് വരികയാണ്. ഇതനുസരിച്ച് എല്ലാ ദിവസങ്ങളിലും ട്രഷറി നിയന്ത്രണങ്ങൾ ഉണ്ടായിരുന്നു.

(ബി) പെൻഷൻ ആനുകൂല്യങ്ങൾ തടഞ്ഞു വച്ചിട്ടില്ല.

(സി) മൂൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ 'ബാധകമല്ല'.

(ഡി) ട്രഷറി ഇടപാടുകളൊന്നും നിർത്തി വച്ചിട്ടില്ല.

(ഇ) ഉദിക്കുന്നില്ല.

ട്രഷറി ഡെപ്പോസിറ്റ്

50 (446) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് ഏതെങ്കിലും സ്ഥാപനങ്ങളിൽ നിന്നോ ഏജൻസികളിൽ നിന്നോ ട്രഷറി ഡെപ്പോസിറ്റ് സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് വിശദവിവരം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാന സഹകരണ ബാങ്ക് ജില്ലാ സഹകരണ ബാങ്കുകൾ എന്നിവ ഗവൺമെന്റ് രേഖാമൂലം ആവശ്യപ്പെട്ടതനുസരിച്ച് എത്ര കോടി രൂപ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട്. അതിലുള്ള പലിശനിരക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിൽ ഉൾപ്പെടാത്തതും സഹകരണ മേഖലയിൽ നിന്നും ട്രഷറിയിൽ നിക്ഷേപിച്ചിട്ടുള്ളതുമായ തുക എത്രയുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) വെൽഫയർ ഫണ്ട് ബോർഡുകളിൽ നിന്ന് എത്രകോടി രൂപ ട്രഷറയിൽ നിക്ഷേപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(എഫ്) ഫിനാൻഷ്യൽ എന്റർപ്രൈസസിൽ നിന്നും ട്രഷറിയിൽ നിക്ഷേപിച്ചിട്ടുള്ള തുക എത്രയാണ് ;

(ജി) ദേശിയ സമ്പാദ്യപദ്ധതി പ്രകാരം പ്രൈമറികൾ ഉൾപ്പെടെയുള്ള സഹകരണ സ്ഥാപനങ്ങളിൽ നിന്നും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കോടി രൂപ സമാഹരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) പല സ്ഥാപനങ്ങളും ട്രഷറിയിൽ പണം നിക്ഷേപിച്ചിട്ടുണ്ട്.

(ബി) വിവേസമാഹരണത്തിന്റെ ഭാഗമായി വിവിധക്ഷേമനിധികൾ, സഹകരണ സ്ഥാപനങ്ങൾ മുതലായവ ട്രഷറിയിൽ പണം നിക്ഷേപിച്ചിട്ടുണ്ട്. ഈ നിക്ഷേപങ്ങൾ സംസ്ഥാനത്തെ സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ഒരു പരിധി വരെ സഹായിച്ചിട്ടുണ്ട്.

(സി) ജില്ലാസഹകരണ ബാങ്കുകൾ 632.82 കോടി രൂപ 14 ശതമാനം പലിശ

(ഡി) കൃത്യമായ കണക്കുകൾ ഇപ്പോൾ ലഭ്യമല്ല.

(ഇ)

കള്ള് ചെത്ത് തൊഴിലാളി ബോർഡ്	71 കോടി രൂപ
അബ്കാരി തൊഴിലാളി ബോർഡ്	15 കോടി രൂപ
ചുമട്ടു തൊഴിലാളിക്ഷേമ ബോർഡ്	15 കോടി "
മോട്ടോർ തൊഴിലാളി ബോർഡ്	12 കോടി "
കെട്ടിട നിർമ്മാണത്തൊഴിലാളി ബോർഡ്	40 കോടി "

(എഫ്) കണക്ക് ശേഖരിച്ചു വരുന്നു.

(ജി) ജില്ലകളിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly